# രാജസൂയം

# RAJASOOYAM

₹25 | 2019 മാർച്ച് - 2019 മേയ്



അഭിമുഖം


## അറിയപ്പെടാത്ത പി.യെ തേടി

ഇയ്യങ്കോട് ശ്രീധരൻ /
എം.സി. പോൾ.

ജെ. ആർ. പ്രസാദ്
ഡോ. വിനിത അനിൽകുമാർ
പ്രൊഫ: സി. രവീന്ദ്രനാഥ്
ശ്രീകുമാർ കക്കാട്
ബോബൻ കൊള്ളന്നൂർ
പ്രൊഫ. ടോണി മാത്യു
ശോഭന
സുനിൽകുമാർ കെ
സമീര ചന്ദ്രൻ
ശിവദാസൻ എ.കെ
വരുൺമേനോൻ. ആർ
സമദ് പനയപ്പിള്ളി
ഡോ. കാവുമ്പായി ജനാർദ്ദനൻ
ഡോ. ടി.വി. വിമൽകുമാർ
കൃഷ്ണകുമാർ മാപ്രാണം

കഥ

ശിവദാസൻ എ.കെ



# കുളം

ഒരു കുളം വറ്റിയാ മറ്റൊന്ന് നിറയുമെന്ന് മോനായിയോട് പറഞ്ഞത് അവന്റെ വല്യമ്മൂമ്മ അമ്മിണികൊച്ചാണ്.

മരിക്കുന്നതു വരെ അവരെ എല്ലാവരും അമ്മിണിക്കൊച്ചേ എന്നു തന്നെയാണ് വിളിച്ചിരുന്നത്.

ജീവിതകാലം മുഴുവൻ കൃഷിയിടത്തിൽ നട്ടുനനച്ചും, കന്നാലി നോക്കിയും, കാട്ടുപന്നിയെ ഓടിച്ചും നടന്ന അമ്മിണിക്കൊച്ച് തന്റെ നാലേക്കർ പറമ്പും, പന്ത്രണ്ട് പറയ്ക്ക് പാടവും ബാക്കി വെച്ച് തൊണ്ണൂറ്റിയഞ്ചാം വയസ്സിലെ ഒരു രാത്രിയിൽ പ്രഷറു കുറഞ്ഞ് അങ്ങ് മരിച്ചുപോകുകയായിരുന്നു.

ആ പ്രായത്തിലും ചുമല് കുനിയാതെ നെടുനീളം നിന്ന അമ്മിണിക്കൊച്ചിന്റെ തന്റേടം അവരുടെ ഏക മകൻ ആന്റപ്പനില്ലായിരുന്നു. തൊട്ടടുത്ത തലമുറയിലെ ഏക ആൺതരി മോനായിലെത്തിനിൽക്കുമ്പോ അത് വീണ്ടും ശോഷിച്ചു പോയി.

ഈ മോനായി ഒരു പുളുന്താനാ എന്ന് നാട്ടുകാർ വിശേഷം പറഞ്ഞു നടക്കുന്നതിനിടയിലാണ് അവൻ കൊച്ചുത്രേസ്യയെ കെട്ടിയതും അവള് മൂന്നു പെറ്റതും. കൊച്ചുത്രേസ്യ അമ്മിണിക്കൊച്ചിന്റെ പുനരവതാരം പോലെ നെടുനീളത്തിൽ നിന്നു. രാപകല് നാലേക്കർ പറമ്പിലും, കരയായി മാറിയ പന്ത്രണ്ടുപറയിലും പണിയെടുത്ത് മൂന്ന് പിള്ളാരേയും മോനായിയേയും പോറ്റി.

മോനായിയാകട്ടെ നേരം വെളുത്തെഴുന്നേറ്റാൽ കുറെ നേരം തല കാലിനിടയിൽ തിരുകി കുന്തിച്ചിരുന്ന് ഒരു ഗ്ലാസ് ചായയും കുടിച്ച് ഉടനെ സ്ഥലം വിടും.

പാണ്ഡവൻ കുന്നിനു താഴെയുള്ള നാല്ക്കവലയിൽ ഓട്ടോറിക്ഷക്കാര് പിള്ളേരോടൊപ്പം ഗോട്ടി കളിക്കും.

അല്ലെങ്കിൽ ചായക്കടയുടെ പുറകുവശത്തെ ചായ്പിൽ നാട്ടിലെ പല പ്രായത്തിലുള്ള മോനായിയെപ്പോലുള്ള തെരവു കൂട്ടങ്ങളൊടൊപ്പം പരല് കളിക്കും. ഉച്ചയ്ക്കുണ്ട് സുഖമായുറങ്ങും. ഉണർന്ന ശേഷം കൊച്ചുത്രേസ്യ പറയുന്ന നൂറുകൂട്ടം പണികളിൽ ഒന്നോ രണ്ടോ ചെയ്തെന്നു വരുത്തി ശടേന്ന് കവലയിലേക്ക് നടക്കും. ഇരവിയുടെ കള്ളുഷാപ്പിൽ നിന്ന് ഒരു കുപ്പി അന്തിയും, അയലക്കറിയും പരദൂഷണവുമൊക്കെയായി എട്ടുമണിക്ക് വീടണയും.

അവന്റെ വീട്ടിച്ചെന്നാ പിന്നെ പെണ്ണവനും കൊച്ചുത്രേസ്യ ആണുമാ എന്ന് ആളുകൾ അടക്കം പറഞ്ഞത് കാതിലെത്തിയിട്ടും മോനായി ഒന്നും അറിയാത്തതുപോലെ നടന്നു.


വീട് നടത്തികൊണ്ടുപോകുന്നതവളാണ്. അതിനിടയിൽ കേറി ചൊറിഞ്ഞാ എടങ്ങേറാകും.

ആണ്ടിലോ, ശങ്കരാന്തിക്കോ കിട്ടുന്ന ഒരു കല്യാണത്തിനോ, കാലിക്കച്ചവടത്തിനോ ഇടനിന്നാൽ കിട്ടുന്ന കാശുകൊണ്ട് ഒരു മാസം വട്ടച്ചില[illegible] നടക്കുമെന്നല്ലാതെ വേറെന്ത് തടയാനാണ്. കയ്യിൽ കൂടുതൽ ചിലവാനം വന്നാൽ മോനായി ചെറുതായൊന്ന് മാറും.

അപ്പോൾ അന്തിക്കള്ള് രണ്ട് കുപ്പിയാകും. പരല് കളിയിൽ ഗ്രേഡ് കൂടിയവരുടെ കൂടെയിരുന്ന് കിട്ടിയ കാശ് മുഴുവനും കളയും.

അങ്ങനെ തട്ടീം മുട്ടീം പോകുമ്പോഴാണ് അന്നുച്ചയുറക്കം കഴിഞ്ഞെണീറ്റ് ഉമ്മറത്തിണ്ണയിൽ മഞ്ഞച്ചിരു

> അന്ന് രാവിലെ മോനായി ഗോട്ടികളിക്കാരുടെ അടുത്തേക്കല്ല പോയത് മറിച്ച് വാൽകുളത്തിലേക്കായിരുന്നു. കുളം അയാളെ സൂക്ഷിച്ചു നോക്കി. അയാൾ കുളത്തെയും എത്രയോ കാലമായി അവരിങ്ങനെ കണ്ടിട്ട്.
>
> പലയിടത്തും കുളത്തിലേക്ക് കര ഇടിഞ്ഞിറങ്ങിയിരുന്നു. ചിലയിടത്ത് കുളം തന്നെ കരയായിരുന്നു. പൊന്തക്കാടുകൾക്കിടയിൽ കിടന്ന് ഇത്തിരി വെള്ളം അയാളെ നോക്കി ചിരിച്ചു.



ന്ന മോനായിയോട് കോച്ചുത്രേസ്യ പറഞ്ഞത്.

മേടമാസമായില്ല. വാൽക്കുളം വറ്റാറായി. എങ്ങനെ പറമ്പ് നനയ്ക്കുന്നാ.

എന്ത് കേട്ടാലും ഏനക്കേടില്ലാത്ത മോനായിക്ക് അത് എവിടേയോ ചെന്ന് കൊണ്ടു.

വാൽക്കുളത്തിൽ നീന്തിക്കുളിച്ച് വളർന്നതാണയാളുടെ ബാല്യം. പിന്നെ പിന്നെ കുളി വീടിനകത്തായി. ഇപ്പോളയാൾ കുളം കണ്ടിട്ട് മാസങ്ങളായി. അത് വറ്റിപ്പോകുമെന്ന് അയാളൊരിക്കലും കരുതിയിട്ടില്ല. അതയാളുടെ അപ്പനപ്പൂപ്പൻമാരുടെ കാലത്തേ ഉള്ളതാണ്. എവിടെ വറ്റിയാലും വാൽക്കുളം വറ്റില്ലെന്നാണ് അമ്മിണിക്കൊച്ച് പറയാറ്. ആ അസ്വസ്ഥതയും മനസ്സിലിട്ടാണ് അന്നയാൾ കള്ളുഷാപ്പിൽ പോയത്, ഉറങ്ങാൻ കിടന്നത്.

അയാൾ കുളത്തിനു ചുറ്റും നടന്നു നോക്കി. പാണ്ഡവൻ കുന്നിൽ നിന്നും കുളത്തിന്റെ വാലിലേക്ക് അനസ്യൂതം ഒഴുകികൊണ്ടിരുന്ന ചക്കരച്ചാൽ വറ്റിപ്പോയത് അയാൾ കണ്ടു. അവിടെ ചാലിന്റെ ഒരു നിഴൽ മാത്രം അവശേഷിച്ചിരുന്നു. കുളമെങ്ങനെ വറ്റിയെന്ന് മോനായിക്ക് മനസ്സിലായി. ഒപ്പം അമ്മൂമ്മ അമ്മിണിക്കൊച്ചിന്റെ വാക്യം തെറ്റുന്നെന്നും.

അന്നു രാത്രി അയാൾ വാൽക്കുളത്തിലെ ഉപ്പൂറ്റി വെള്ളത്തിൽ ചൂണ്ടയിട്ടുകൊണ്ടിരിക്കുന്നത് കണ്ട് ഒരു കൊറ്റി ആർത്തു ചിരിച്ചു. കൊറ്റിക്കു നേരെ കല്ലെടുത്തെറിഞ്ഞ് അയാളുടെ സ്വപ്നം വികസിച്ചു. അപ്പോൾ അയാൾക്ക് മുന്നിലേക്ക് ഒരു കരത്തവള വന്നു ചേർന്നു. അത് പാണ്ഡവൻ കുന്നിന്റെ മണ്ണരടുകളിലെവിടേയോ താമസിക്കുന്നതാകണം. തവള മോനായിക്കു മുന്നിൽനിന്നു. മോനായി കുനിഞ്ഞ് അതിനെ നോക്കി.

അതിന്റെ തള്ളി നിൽക്കുന്ന ഉണ്ടക്കണ്ണുകളിൽ ഒരെണ്ണത്തിൽ ആകാശവും മറ്റേതിൽ പാതാളവും മോനായി കണ്ടു.

അത് രണ്ടും ചേർത്ത് വായിച്ചപ്പോൾ മോനായി ഞെട്ടി. തവളയുടെ കണ്ണിലുണ്ടായിരുന്നത് ഒരേയൊരു സംഗതിയായിരുന്നു. ഭയം.

മോനായി ഞെട്ടിയെഴുന്നേറ്റു. തലയ്ക്കൽ വെച്ചിരുന്ന കപ്പിൽ നിന്നും പകുതിയോളം വെള്ളം മടുമടാന്ന് കുടിച്ചിറക്കി. വീണ്ടും ഉറങ്ങാൻ കിടന്നിട്ടും അത് അയാളുടെ മനസ്സിൽ നിന്ന് പോയില്ല.

അന്ന് രാവിലെ മോനായി ഗോട്ടികളിക്കാരുടെ അടുത്തേക്കല്ല പോയത് മറിച്ച് വാൽകുളത്തിലേക്കായിരുന്നു. കുളം അയാളെ സൂക്ഷിച്ചു നോക്കി. അയാൾ കുളത്തെയും എത്രയോ കാലമായി അവരിങ്ങനെ കണ്ടിട്ട്.

പലയിടത്തും കുളത്തിലേക്ക് കര ഇടിഞ്ഞിറങ്ങിയിരുന്നു. ചിലയിടത്ത് കുളം തന്നെ കരയായിരുന്നു. പൊന്തക്കാടുകൾക്കിടയിൽ കിടന്ന് ഇത്തിരി വെള്ളം അയാളെ നോക്കി ചിരിച്ചു.

അയാൾ കുളത്തിനു ചുറ്റും നടന്നു നോക്കി. പാണ്ഡവൻ കുന്നിൽ നിന്നും കുളത്തിന്റെ വാലിലേക്ക് അനസ്യൂതം ഒഴുകികൊണ്ടിരുന്ന ചക്കരച്ചാൽ വറ്റിപ്പോയത് അയാൾ കണ്ടു. അവിടെ ചാലിന്റെ ഒരു നിഴൽ മാത്രം അവശേഷിച്ചിരുന്നു. കുളമെങ്ങനെ വറ്റിയെന്ന് മോനായിക്ക് മനസ്സിലായി. ഒപ്പം അമ്മൂമ്മ അമ്മിണിക്കൊച്ചിന്റെ വാക്യം തെറ്റുന്നെന്നും.

ഈ കുളം വറ്റിയിട്ടും എവിടേയും ഒരു കുളം നിറഞ്ഞിട്ടില്ല.

അന്നാദ്യമായി മോനായി ഉച്ച വരെ കുളക്കരയിലിരുന്നു. ഗോട്ടി കളിച്ചില്ല, പരല് കളിച്ചില്ല.

കരയിൽ ഒറ്റയ്ക്കിരിക്കുന്ന അയാളെ നോക്കി ചെമ്പൻ കൊക്ക് പലവട്ടം കരഞ്ഞു പറന്നു.

ഒറ്റലെ ചൂണ്ടലെ

നൊണ പറയണ കുട്ട്യോളെ

കൊടത്തിലിട്ടടയ്ക്കും

കൊളത്തീകൊണ്ടോയ് താഴ്ത്തും.

പാണ്ഡവൻ കുന്നിൽ നിന്നും മണ്ണുനിറച്ചിറങ്ങിപ്പോകുന്ന കൂറ്റൻ ടോറസ് വണ്ടികളുടെ മുഴക്കം മോനായിയുടെ കാതിൽ വന്ന് വീണു.

അങ്ങനെയൊന്ന് ആദ്യമായി കേട്ട പോലെ അവനൊന്ന് പകച്ചു. അന്ന് ഉച്ചതിരിഞ്ഞ് ഏറെക്കാലത്തിനു ശേഷം മോനായി പാണ്ടവൻ കുന്നിലേക്ക് പോയി.

അജ്ഞാത വാസക്കാലത്ത് പാണ്ഡവർ ഒളിച്ചു താമസിച്ചിരുന്ന നിബിഡവനം കുറ്റിക്കാടായും, പുൽപ്പടർപ്പായും ശേഷിച്ചിരിക്കയാണവിടെ. ഭീമന്റെ കാലടയാളം തലയിലേറ്റിയ പാറ മാത്രം പൊട്ടിച്ചു തീരാതെ ബാക്കി നിന്നു. പാണ്ഡവരുടെ കാലടിപ്പാടുകൾ വീണ മണ്ണ് മുഴുവൻ ടോറസിൽ കയറിപ്പോയിരുന്നു. ശോഷിച്ചു നിന്ന മലയിൽ ചില തുരുത്തുകളിൽ മാത്രം ആളനക്കം കണ്ടു. ഒന്ന് പാണ്ഡവൻ കുന്നിലമ്മയുടെ കാവാണ്. മറ്റൊന്ന് ഭീമൻ ചവിട്ടിപാടു വീഴ്ത്തിയ പാറയും.

കള്ളുഷാപ്പിലിരുന്ന് മോനായി ഒരു പ്രഖ്യാപനം നടത്തി.

നമ്മക്ക് ഒരു മീറ്റിംഗ് കൂടണം.

എന്തിന്

സഹകുടിയൻമാർ കണ്ണു മിഴിച്ചു.

പാണ്ഡവൻ കുന്നിലെ മണ്ണെടുപ്പിനെതിരായിട്ട്.

കള്ള് ഷാപ്പ് നടുങ്ങി നിശബ്ദമായി.

കള്ളുകുടിക്കാർ എന്തിന് മാനേജർ രവിപോലും മോനായിയെ തറപ്പിച്ചുനോക്കി.

പാണ്ടോൻ കുന്നില് മണ്ണെടുക്കണേന് തനിക്കെന്താ ചേതം.

കള്ളു കുടിക്കാൻ വന്ന ലോറിക്കാർ ഉടക്കാൻ നോക്കി.

അതിനൊന്നും മോനായി മറുപടി പറഞ്ഞില്ല.

അടുത്ത ശനിയാഴ്ച കൊച്ചുമേരീടെ ട്യൂഷൻ ക്ലാസ്സില് വെച്ചാ മീറ്റിംഗ്. ഉച്ച കഴിഞ്ഞ് രണ്ടു മണിക്ക്. എല്ലാവരും വാ.

ഇത്രയും പറഞ്ഞ് മോനായി എഴുന്നേറ്റ് പുറത്തേക്ക് ഒരു നടപ്പു വെച്ചു കൊടുത്തു.

വാ പിളർന്നിരുന്നവരിൽ ഇട്ടീരയമ്മാവൻ മാത്രം ഒന്നു കണ്ടു. മോനായിയുടെ കണ്ണിൽ അമ്മിണിക്കൊച്ചിന്റെ കണ്ണിലെ അതേ തിളക്കം.

മോനായിയുടെ പ്രധാന കൂട്ടുകാരായ പൈലനും തോമാച്ചനും കൂടി വാ പിള്ർന്നു പോയി.

ഇത്രേം കാലത്തിനിടയ്ക്ക് ഇതാദ്യമാണ്. ഇനിയിപ്പോൾ തലയ്ക്ക് വല്ല വെളിവുകേടും.

കേട്ടവർക്കെല്ലാം അങ്ങനെയാണ് തോന്നിയത്. കെട്ടിയവന്റെ സ്വരമുറച്ചതു കണ്ട് കൊച്ചു ത്രേസ്യക്കു ഭയമായി.

ഇങ്ങോരിത് എന്തിനുള്ള പുറപ്പാടാണ്. മുൻപായിരുന്നെങ്കിൽ കുടുംബത്തൊരു ഉത്തരവാദിത്വമില്ലെന്നേ ഉള്ളു. ഇദിപ്പോ തീക്കളിയാണല്ലോ.


കൊച്ചുമേരി മോനായിക്ക് നേരെയിളയതാണ്. പണ്ടത്തെ പ്രീഡിഗ്രിക്കാരി. ശനിയാഴ്ച

കൊച്ചുമേരി നടത്തുന്ന ട്യൂഷൻ ക്ലാസ്സിൽ ഒഴിവുണ്ട്. അവിടെ വച്ച് മീറ്റിംഗ് നടത്താൻ കൊച്ചുമേരി എതിര് പറയില്ല. അല്ലെങ്കിലും കൂടപ്പിറപ്പുകളിൽ മോനായിയോട് പ്രത്യേകിച്ചൊരു സ്നേഹം കൊച്ചുമേരിക്കാണ്.

മോനായി ആ ആഴ്ച കള്ളുഷാപ്പിൽ പോയില്ല. ചീട്ടു കളിച്ചില്ല. ഗോട്ടി കൈ കൊണ്ട് തൊട്ടില്ല. തനിക്കാവുന്നവരെ മുഴുവൻ ചെന്ന് വിളിച്ചു. അതിൽ നേതാക്കൾ മുതൽ അനുയായികൾ വരെ, മുതലാളിമാർ മുതൽ തൊഴിലാളികൾ വരെ ഉൾപ്പെട്ടിരുന്നു.

ശനിയാഴ്ച ഉച്ചതിരിഞ്ഞ് ട്യൂഷൻ ക്ലാസ്സിൽ തനിച്ചിരിപ്പായ മോനായിയോട് പൊടിമോളെന്ന് വിളിപ്പേരുള്ള വീണക്കുട്ടി ചോദിച്ചു.

ചേട്ടനൊന്ന് ആലോചിച്ചേ. വിളിച്ച തിയ്യതി വല്ലോം മാറിപ്പോയോന്ന്.



ശനിയാഴ്ച ഉച്ചതിരിഞ്ഞ് ട്യൂഷൻ ക്ലാസ്സിൽ തനിച്ചിരിപ്പായ മോനായിയോട് പൊടിമോളെന്ന് വിളിപ്പേരുള്ള വീണക്കുട്ടി ചോദിച്ചു.

ചേട്ടനൊന്ന് ആലോചിച്ചേ. വിളിച്ച തീയതി വല്ലോം മാറിപ്പോയോന്ന്.

കൊച്ചുമേരിയുടെ അസിസ്റ്റന്റായ പൊടിമോളെ നോക്കി മോനായി വിഷാദം നിറഞ്ഞ ഒരു ചിരി ചിരിച്ചു.

വൈകീട്ടായപ്പോൾ മോനായി വീണ്ടും ഷാപ്പിലെത്തി.

ഷാപ്പിലെത്തിയപ്പോൾ അതൊരപരിചിത ലോകമാണെന്നയാൾക്ക് തോന്നി. ബഞ്ചിലോട്ടിരുന്നതെയുള്ളൂ ആദ്യത്തെ അടി വീണു.

മോനായിയുടെ തലയ്ക്കകമൊന്ന് കുലുങ്ങി. ഇരുട്ടു കയറിയപോലെ കണ്ണുകൾ പകച്ചു.

കഴ്വേർട മോനെ ഞങ്ങളുടെ കഞ്ഞികുടി മുട്ടിക്കുമല്ലേ. കണ്ണിൽ ഇരുട്ട് കയറി ബോധം മറയുന്നതിന് തൊട്ടുമുമ്പെപ്പോഴൊ മോനായിയതു കേട്ടു.

ഷാപ്പ് മാനേജർ രവിയാണ് മോനായിയെ ആശുപത്രിയിലെത്തിച്ചത്.

അതിന്റെ പിറ്റേ ദിവസം കൊച്ചു ത്രേസ്യ മൂന്ന് പെൺപിള്ളാരേയും കൂട്ടി അയാളെ കാണാൻ വന്നു.

അപ്പനിതെന്ത് ഭാവിച്ചാ. മൂത്തവള് മോളി ചോദിച്ചു. ഒരാളും സഹായിക്കാനില്ലാതെ അപ്പനൊറ്റയ്ക്ക് നിലവിളിച്ചാ ഇവിടെ വല്ലോം നടക്കൂo. ആ മലേന്ന് മണ്ണ് പോയാ പോട്ടെ. നാട്ടാർക്ക് ആർക്കുമില്ലാത്ത ദെണ്ണം അപ്പനെന്തിനാ.?

മോനായി അതിന് മറുപടി പറഞ്ഞില്ല.

അയാളുടെ മനസ്സിലപ്പോൾ സ്വപ്നത്തിൽ കണ്ട തവളയുടെ കണ്ണുകളായിരുന്നു. ആശുപ്രതീന്നിറങ്ങിയ ദിവസം മോനായിക്ക് പള്ളിയിലൊന്ന് കയറി പ്രാർത്ഥിക്കണമെന്ന് തോന്നി.

ഇതുവരെ പ്രാർത്ഥിച്ചതൊക്കെയും തനിക്കും പിള്ളാർക്കും വേണ്ടിയായിരുന്നു.

അങ്ങനെ ജീവിതത്തിലാദ്യമായി മോനായി നാടിനു വേണ്ടി പ്രാർത്ഥിച്ചു.

അന്ന് രാത്രിയിൽ മോനായിയെ ഒരു മാലാഖ സന്ദർശിച്ചു. മോനായിയപ്പോൾ നിൽക്കാതെ നടക്കുകയായിരുന്നു. ചിറകുണ്ടായിട്ടും മോനായിക്കൊപ്പമെത്താൻ മാലാഖ വിഷമിച്ചു.

ഇതെന്ത് നടപ്പാ മോനായി പതുക്കെ നടക്ക്. മാലാഖ പറഞ്ഞു.

മോനായി ചോദ്യഭാവത്തിൽ മാലാഖയെ നോക്കി.

കാര്യം നീ പറഞ്ഞതൊക്കെ നല്ലതു തന്നെ. പക്ഷേ, നിന്റെ കാര്യമോർക്കുമ്പം അവരെന്തിനും മടിക്കാത്തോരാണ്.

മണ്ണെടുപ്പിന് കൂട്ടു നിൽക്കുന്നോരില് പള്ളിക്കമ്മിറ്റിക്കാരുമില്ലേ. മാലാഖയ്ക്ക് അവരോടൊന്ന് പറയരുതോ.

മോനായി കൂടെയിറങ്ങി. കടന്നുപോയിടത്തെല്ലാം അയാൾ തവളകളെ കണ്ടു. പലതരം തവളകൾ. പല വലുപ്പത്തിൽ, നിറത്തിൽ. എല്ലാറ്റിന്റെയും കണ്ണിൽ ഒന്നു മാത്രം. ഭയം.

അത് കേട്ട് മാലാഖ വിഷമിച്ചു. എങ്ങനെ പറയാനാണ് ഇത്തരക്കാർ ഇവിടെ വേണ്ടുവോളമുണ്ട്.

എന്നാലും നിയൊന്നാലോചിച്ചേ. മാലാഖ വീണ്ടും പറഞ്ഞു.

മാലാഖ മാലാഖടെ പാട്ടിനു പോ. മോനായിക്കു ദേഷ്യം വന്നു.

മനസ്സില്ലാമനസ്സോടെ മാലാഖ തിരികെ പോയി.

മോനായി നടന്ന് നടന്ന് പാണ്ഡവൻകുന്നിലമ്മയുടെ മുറ്റത്ത് എത്തി നിന്നു.

എന്തു പറ്റി മോനായി.

അമ്മ ചോദിച്ചു.

ഒന്നൂല്യ. ഈ നെലയ്ക്ക് പോയാ ഈ അമ്പലം കൂടി മഴയത്ത് ഒലിച്ചു പോകും.

നാലുപാടും മണ്ണെടുത്താ ഗർത്തങ്ങളിലേക്ക് നോക്കി മോനായി പറഞ്ഞു. അമ്മയ്ക്ക് സന്തോഷമായി. ഇത്രേം കരുതൽ ഒരന്യമതക്കാരനുണ്ടായല്ലോ.

പക്ഷേ, ഞാനെന്തു ചെയ്യും.

അമ്പലക്കമ്മിറ്റിക്കാർ ഭൂരിഭാഗോം അതിനനുകൂലമല്ലേ.

മോനായിക്ക് പാണ്ഡവൻകുന്നിലമ്മയുടെ സങ്കടം മനസ്സിലായി. തന്റെ സങ്കടം പങ്കുവെയ്ക്കാൻ നാട്ടിൽ ദൈവങ്ങളെ ഉള്ളു. സ്വപ്നം കഴിഞ്ഞുണരുമ്പോൾ മോനായി ഉറപ്പിച്ചു.

പിറ്റേന്ന് തനിക്ക് തല്ല് കിട്ടിയ ഷാപ്പിൽ വെച്ച് തന്നെ മോനായി പ്രഖ്യാപിച്ചു.

നിരാഹാര സമരം.

അടുത്ത മാസം രണ്ടാം തീയതി മുതൽ പഞ്ചായത്തിനെതിർവശത്ത് കുടിൽ കെട്ടിയാണ് നിരാഹാരം.

മോനായിക്ക് നേരെ അന്നാരും കൈയ്യുയർത്തിയില്ല.

മോനായിയുടെ സമരപ്പന്തലിൽ ഏറിയ സമയവും മോനായി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എന്തോ ചെയ്യട്ടെ എനിക്കുത്തരവാദിത്വമില്ല. കൊച്ചുത്രേസ്യ കയ്യൊഴിഞ്ഞു.

അയാക്കെന്തോ കോളുണ്ട്. ഒരുപക്ഷേ, മണ്ണുകാരീന്ന് കാശടിച്ചു മാറ്റാനാകും. ചിലരൊക്കെ അടക്കം പറഞ്ഞു.

നാല് ദിവസം കെടന്ന് വെശക്കുമ്പോ എഴുന്നേറ്റ് പൊക്കോളും.

പഞ്ചായത്ത്കാർ ആ ഒറ്റയാൻ സമരത്തെ അവഗണനയോടെ തള്ളിക്കളഞ്ഞു. പാണ്ഡവൻ കുന്നിൽ നിന്നും വയൽ നികത്താൻ പോകുന്ന ചെമ്മണ്ണ് ടോറസ് ലോറികളുടെ പുറത്തിരുന്ന് സമരക്കാരനെ അലിവോടെ നോക്കി.

സമരം ആരും ശ്രദ്ധിക്കാതെ നീളുകയായിരുന്നു.

പത്തു ദിവസം പിന്നിട്ടിരുന്നു. ആ രാത്രിയിൽ ദൂരെ നിന്ന് ഇരമ്പി വന്നൊരു മഴ മോനായിയുടെ സമരപന്തലിനു മുന്നിലെത്തി പൊടുന്നനെ നിശബ്ദമായി. പൊടിമണ്ണ് കുഴഞ്ഞ മണത്തിന്റെ നിരാശ മോനായിയെ തേടിയെത്തി. അത് മനസ്സിലാക്കാൻ വയ്യാതെയെന്നോണം അയാളുടെ നാസാരന്ധ്രങ്ങൾ തളർന്നിരുന്നു.

മോനായി അർദ്ധനിദ്രയിലതു കണ്ടു. അന്നു കണ്ട തവളയുണ്ട് സമരപ്പന്തലിനു മുന്നിൽ.

അതിന്റെ കണ്ണിലിപ്പോൾ ഭയമില്ല. മറ്റെന്തോ തിരിച്ചറിയാനാകാത്ത ആവേശമാണ്. നീയിങ്ങു പോരടാ മോനായി. തവള വിളിച്ചു.

മോനായി കൂടെയിറങ്ങി. കടന്നുപോയിടത്തെല്ലാം അയാൾ തവളകളെ കണ്ടു. പലതരം തവളകൾ. പല വലുപ്പത്തിൽ, നിറത്തിൽ. എല്ലാറ്റിന്റെയും കണ്ണിൽ ഒന്നു മാത്രം. ഭയം.

എന്തു കൊണ്ട് തവളകൾ. അയാൾ ആരോടെന്നില്ലാതെ ചോദിച്ചു. അയാളെ നയിച്ച തവള അത് കേട്ടെന്ന് തോന്നുന്നു.

അത് തിരിഞ്ഞ് നിന്ന് പറഞ്ഞു.

കരയിലും വെള്ളത്തിലും ജീവിക്കുന്നോർക്കല്ലാതെ ഇതാര് ആദ്യം തിരിച്ചറിയാനാണ്?

മോനായി പാണ്ഡവൻ കുന്ന് കടന്നു. അതിനു പിന്നിലെ പെരുംകാടും കടന്ന് ആളനക്കമില്ലാത്ത ഒരിടത്തെത്തി. അവിടെ പൂത്തു നിന്ന മരച്ചുവട്ടിൽ വെച്ച് തവള മോനായിയോട് പറഞ്ഞു.

ഇവിടെ ഇരുന്നോ.

മോനായി ഇരുന്നു.

മോനായിയുടെ തലയിലേക്ക് മരം പൂക്കൾ പൊഴിച്ചുകൊണ്ടേയിരുന്നു.

നാട്ടിൽ പഞ്ചായത്തിനു മുന്നിൽ കെട്ടിയ സമരപ്പന്തലിൽ നിന്നും മോനായിയുടെ ഒരു ദിവസം പഴക്കമുള്ള മൃതദേഹം എടുത്തുമാറ്റുകയായിരുന്നു നാട്ടുകാരപ്പോൾ.

■